**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2535** **04-03-2025 - ൽ മറുപടിയ്ക്ക്**

**ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെൻറ്സ് സംബന്ധിച്ച വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2021-ൽ കേന്ദ്ര സർക്കാർ സൂഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനത്തിൽ വരുത്തിയ മാറ്റത്തിനു ശേഷം എത്ര ചെറുകിട ഇടത്തരം വ്യാപാരങ്ങൾ വ്യവസായ വകുപ്പിന്റെ ലിസ്റ്റിൽ ടെക്സ്റ്റൈൽസ് ആൻഡ് ഗാർമെൻറ്സ് ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ പേരും , വിലാസവും, സ്ഥലവും ആരംഭിച്ച തീയതിയും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | കേന്ദ്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം മന്ത്രാലയത്തിന്റെ 02.07.2021 ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 5/2(2)/2021-E/P&G/ Policy പ്രകാരം ഇന്ത്യയിൽ പ്രവർത്തിച്ച വരുന്ന ചില്ലറ മൊത്ത വ്യാപാര സ്ഥാപനങ്ങളെ എം.എസ്.എം.ഇ. കളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇത് മുഖേന വ്യാപാരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ. കൾക്ക് ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കും.<br><br>2021-ൽ ഉദ്യം രജിസ്ട്രേഷൻ നേടിയ മൈക്രോ, സ്മാൾ, മീഡിയം സംരംഭങ്ങളുടെ എണ്ണം ആകെ 85143 ആയിരുന്നു. എന്നാൽ നിലവിൽ ആകെ 1452932 സംരംഭങ്ങൾ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടെ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത് ടെക്സ്റ്റൈൽസ് ആന്റ് ഗാർമെന്റ്സ് ആയി ഉൾപ്പെടുത്തിയ സംരംഭങ്ങളുടെ ലിസ്റ്റ് പ്രത്യേകമായി പോർട്ടലിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ